പാഠം 6 ഫെബ്രുവരി 3-9

# കാര്യവിചാരകന്റെ ലക്ഷണങ്ങൾ

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന് : എബ്രാ. 11:8-12; റോമ. 4:13,18-21; മത്താ. 6:24; എബ്രാ. 9:14; 1 യോഹ. 5:2-3; ലൂക്കൊ. 16:10-12.**

**മനഃപാഠവാക്യം : "ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവ മർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ. ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കേണം എന്നത്രേ" (1 കൊരി. 4:1-2).**

വ്യവസായികൾ തങ്ങളുടെ അടായളങ്ങളാലും ഉല്പന്ന നാമങ്ങളാലും അറിയപ്പെടുന്നതുപോലെ കാര്യവിചാരകരും തങ്ങളുടെ പ്രത്യേകതകളാലും സവിശേഷമായ അടയാളങ്ങളാലും അറിയപ്പെടുന്നു. തങ്ങളെത്തന്നെ ഒരു വ്യാവസായിക ഉല്പന്നമായി മാറ്റികൊണ്ട് യഥാർത്ഥത്തിൽ പലരും വളരെ പ്രശസ്തരായിത്തീരുകയും ചെയ്തു.

ക്രിസ്തീയ കാര്യവിചാരകന്റെ അടയാളം ക്രിസ്തുവുമായുള്ള ബന്ധത്തിൽ നിന്നും ഉണ്ടാകുന്ന അവന്റെ സ്നേഹത്തിന്റെ പ്രതിഫലനമാണ്. നാം ക്രിസ്തുവിന്റെ സവിശേഷതകളെ ജീവിതത്തിൽ പിൻപറ്റുകയും പരിശീലിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതങ്ങൾ നമ്മുടെ ഉല്പന്നത്തെ പുറംലോകത്തിനു വെളിവാക്കും. നമ്മുടെ ഉല്പന്നം അവന്റെ ഉല്പന്നമാണ്. നമ്മുടെ വ്യക്തിത്വം അവന്റേതുമായി ഇഴുകിച്ചേർന്നിരിക്കും (1 കൊരി. 6:17).

ദൈവത്തിന്റെ കാര്യവിചാരകന്മാരെ തിരിച്ചറിയുവാൻ ഉതകുന്ന വിശേഷ ഗുണങ്ങളെ ക്കുറിച്ചാണ് നാം ഈയാഴ്ച പഠിക്കുന്നത്. ഈ വിശേഷഗുണങ്ങൾ യേശുവിന്റെ മടങ്ങിവരവിനെ പ്രതീക്ഷിക്കുവാനും സത്യത്തിന്റെ വിശ്വസ്ത കാവൽ ഭടന്മാർ എന്ന നിലയിൽ നമ്മിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വേല ചെയ്യുവാനും ആവശ്യമായ പ്രചോദനം നൽകുന്നു. ഓരോ വിശേഷലക്ഷണവും നഷ്ടപ്പെട്ടതിനെ തിരഞ്ഞു രക്ഷിക്കാനായി വന്ന യേശുവുമായുള്ള ആഴമേറിയ ബന്ധത്തെ വർണ്ണിക്കുന്നു. ഈ സ്വഭാവഗുണങ്ങളെ കൂടുതൽ പഠിക്കുന്തോറും അവ നമ്മുടെ ജീവിതങ്ങളിൽ കൂടുതൽ ആഴത്തിൽ രൂഢമൂലമായിത്തീരും. ദൈവത്തിന്റെ സ്നേഹ സ്വഭാവം അതിന്റെ സകല ശക്തിയോടുംകൂടെ നമ്മുടെ ഉല്പന്നമായിത്തീരുകയും നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും, ഇന്നും എന്നേക്കും, ഒരു സ്വാധീനം ചെലുത്തുകയും ചെയ്യും.

**വിശ്വസ്തത**

"ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണം എന്നത്രേ" (1 കൊരി. 4:2). 'വിശ്വാസത്തിന്റെ നല്ല പോർ പൊരുതി വിജയിക്കുക എന്നത് വിശ്വസ്തനായ ഗൃഹവിചാരകനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ് (1 തിമൊ. 6:12). ദൈവം വിശ്വസ്തനാണ്. നമ്മിലുള്ള അവന്റെ പ്രവർത്തനങ്ങളിലൂടെ നാമും അങ്ങനെയായിത്തീരണം. വിശ്വസ്തരായിരിക്കുക എന്നാൽ ശരിയെന്ന് അറിയാവുന്നവയോടുചേർന്ന് നിൽക്കുക എന്നാണർത്ഥം. ആത്മീയ പോരാട്ടത്തിന്റെ ചൂടിൽ ഈ ചേർന്നുനില്പ് വിശേഷിച്ചും അത്യാവശ്യമാണ്.

ശരിയും തെറ്റും തമ്മിലും നന്മയും തിന്മയും തമ്മിലുമുള്ള ആത്മീയ സംഘട്ടനങ്ങൾ തീർച്ചയായും ഉണ്ടാകും. അവ വിശ്വാസപോരാട്ടത്തിന്റെ ഭാഗമാണ്, ഏതു സാഹചര്യത്തിലും കാര്യ വിചാരകന്മാർ വ്യത്യസ്തരാകുന്നത് വിശ്വസ്തരായിരിക്കുവാനുള്ള അവരുടെ തിരഞ്ഞെടുപ്പിലൂടെയാണ്. താങ്കൾ സമ്പത്തിനെ സ്നേഹിക്കുന്നുവെങ്കിൽ ദൈവത്തോടു വിശ്വസ്തത പുലർത്തുന്നു എന്നും ദ്രവ്യഗൃഹത്തിന്റെ അപകടങ്ങളെക്കുറിച്ചു ബോധവാനായിരുന്നു എന്നും ഉറപ്പും വരുത്തുക. താങ്കൾ പ്രശസ്തി ആഗ്രഹിക്കുന്നു എങ്കിൽ താഴ്മയെക്കുറിച്ചു ദൈവ വചനം പറയുന്ന കാര്യങ്ങളോട് വിശ്വസ്തത പുലർത്തുക. കാമവികാരങ്ങളോട് താങ്കൾ പോരടിക്കുന്നുവെങ്കിൽ വിശുദ്ധിയുടെ വാഗ്ദത്തങ്ങളോട് വിശ്വസ്തനായിരിക്കുക. അധികാരമോഹിയാണ് നിങ്ങൾ എങ്കിൽ, എല്ലാവർക്കും ദാസനായിരിപ്പിൻ എന്ന ദൈവ നിർദ്ദേശത്തോടു വിശ്വസ്തത കാട്ടുക. വിശ്വസ്തതയെയും അവിശ്വസ്തതയെയും തിരഞ്ഞെടുക്കുവാൻ പലപ്പോഴും നിമിഷ നേരം മതി; ആ തിരഞ്ഞെടുപ്പിന്റെ അനന്തര ഫലം പക്ഷേ നിത്യതയോളം നീളമുള്ളതാണ്.

**വായിക്കുക:** എബ്രാ.11:8–12,17–19; റോമ. 4:13,18–21 വിശ്വസ്തതയെക്കുറിച്ച് ഈ വാക്യങ്ങൾ എന്താണ് പറയുന്നത്?

എബ്രായഭാഷയിൽ 'വിശ്വസ്തതയുള്ള' എന്നാൽ 'വിശ്വസിക്കുക' എന്നാണർത്ഥം. അതിൽനിന്നാണ് 'ഉറപ്പുള്ള' 'മാറ്റമില്ലാത്ത' അചഞ്ചലമായ എന്നൊക്കെ അർത്ഥം വരുന്ന 'ആമേൻ' എന്ന പദം ഉത്ഭവിക്കുന്നത്. വിശ്വസ്തത എന്നാൽ നാം ശോധന ചെയ്യപ്പെടുകയും ദൈവപദ്ധതിയോട് ഉറപ്പും സമർപ്പണവും ഉള്ളവരായി കണ്ടെത്തുകയും ചെയ്യപ്പെടുന്നു എന്നർത്ഥം.

ചക്രവർത്തിക്കു മുൻപാകെ സംസാരിക്കുവാൻ തയ്യാറായ മാർട്ടിൻ ലൂഥർ എന്ന നവോത്ഥാന നേതാവ് "തിരുവചനം വായിച്ചു, തന്റെ എഴുത്തുകളെ പരിശോധിച്ചു, തന്റെ പ്രതിവാദങ്ങളെ യോഗ്യമായ രീതിയിൽ ക്രമപ്പെടുത്തുവാനുള്ള വഴികളെ തേടി.... അവൻ തിരുവെഴുത്തുകളോട് അടുത്തു... തന്റെ ഇടതു കരത്തെ വികാരാധീനനായി വിശുദ്ധ പുസ്തകത്തിന്മേൽ വച്ച്, വലതുകരത്തെ സ്വർഗ്ഗത്തിലേക്കുയർത്തി തന്റെ സാക്ഷ്യത്തെ രക്തം കൊണ്ട് മുദ്ര ഇടേണ്ടി വന്നാലും സുവിശേഷത്തോട് വിശ്വസ്തത പുലർത്തും എന്ന് സത്യം ചെയ്തു. തന്റെ വിശ്വാസത്തെ സ്വതന്ത്രമായി ഏറ്റുപറഞ്ഞു." History of Reformation Vol. 2 P. 260.

**വായിക്കുക:** വെളി. 2:10. മരണത്തോളം വിശ്വസ്തരാകുക എന്നതിനു നമ്മെ സംബന്ധിച്ചിടത്തോളം എന്ത് അർത്ഥമാണുള്ളത്?

**തിങ്കൾ** **ഫെബ്രുവരി 5**

**വിശ്വസ്തത**

"രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല"(മത്താ. 6:24). ദൈവത്തോട് വിശ്വസ്തത പാലിക്കേണ്ടതിന്റെ പരമമായ പ്രാധാന്യത്തെക്കുറിച്ച് ഈ വാക്യം എന്ത് പറയന്നു?

ദൈവത്തിന്റെ നാമം 'തീക്ഷ്ണതയുള്ളവൻ' (പുറ. 34:14) (അസുയ) എന്ന അറിവ് വിശ്വസ്തരായിരിക്കുവാനുള്ള വ്യക്തമായ വിളി നമ്മിൽ ഉളവാക്കേണ്ടതാണ്. അസൂയാലുവായ ദൈവത്തോടുള്ള വിശ്വസ്തത സ്നേഹത്തിൽനിന്നും വരുന്നു. വിശ്വാസ പോരാട്ടത്തിൽ നിലനിൽക്കുവാനുള്ള ധൈര്യവും നാം ശരിക്കും ആരാണ് എന്ന ബോദ്ധ്യം നമ്മിൽ സൃഷ്ടിക്കുവാനും വിശ്വസ്തത നമ്മെ സഹായിക്കുന്നു.

ദൈവത്തോടുള്ള വിശ്വസ്തതയ്ക്കു വളരെ പ്രാധാന്യമുണ്ട് (1 രാജാ. 8:61). സംഭവിക്കുവാനിടയുള്ള കാര്യങ്ങളെയെല്ലാം മുൻകൂട്ടി കാണുവാൻ ശ്രമിക്കുന്ന ഒരു ഉടമ്പടിയോ ഒരു നിയമാവലിയോ അല്ല. അത് ശരിക്കും വ്യക്തിപരമായുള്ള നമ്മുടെ വിശ്വാസപ്രമാണത്തിന്റെയും ദൈവഭക്തിയുടെയും സമർപ്പണത്തിന്റെയും പ്രത്യക്ഷമായ പ്രകടനമാണ്.

**വായിക്കുക:** 1 ദിന. 28:9. വിശ്വസ്തതയുടെ പ്രാധാന്യത്തെക്കുറിച്ച് ഈ വാക്യം എന്തു പറയുന്നു?

വിശ്വസ്തതയുള്ളടത്തു വഞ്ചനയുടെ സാധ്യതയുമുണ്ട്. സ്നേഹത്തെപ്പോലെ തന്നെ വിശ്വസ്തതയും സ്വമേധയാ കൊടുക്കേണ്ട ഒന്നാണ്. അല്ലെങ്കിൽ അത് ശരിയായ വിശ്വസ്തതയല്ല. യുദ്ധം നടക്കുമ്പോൾ മുൻ നിരയിലുള്ള സൈന്യം അവിടെനിന്ന് യുദ്ധം ചെയ്യുവാൻ നിർബന്ധിക്കപ്പെടാറുണ്ട്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അവരുടെ മേലധികാരികൾ അവരെ വെടി വെയ്ക്കും. ഈ മനുഷ്യർ ഒരു പക്ഷേ തങ്ങളുടെ കടമ ചെയ്തെന്നിരിക്കും, എങ്കിലും വിശ്വസ്തതയുടെ ഭാഗമായിട്ടായിരിക്കണമെന്നില്ല. അങ്ങനെയുള്ള വിശ്വസ്തതയല്ല ദൈവം ആഗ്രഹിക്കുന്നത്.

ഇയ്യോബിനെ നോക്കുക. തന്റെ കുടുംബത്തെയും സമ്പാദ്യങ്ങളെയും ആരോഗ്യത്തെയും നശിപ്പിക്കുന്ന മഹാവിപത്തുകളെ അവൻ മുൻകൂട്ടി കണ്ടിരുന്നില്ല. അവന്റെ വിശ്വാസവും, സ്നേഹവും സമർപ്പണവും എല്ലാം നഷ്ടപ്പെടാമായിരുന്നു എങ്കിലും ദൈവത്തോടുണ്ടായിരുന്ന അവന്റെ വിശ്വസ്തത അചഞ്ചലമായിരുന്നു. ആത്മാർത്ഥതയും പരസ്യമായി ദൈവത്തെ സ്തുതിക്കുവാനുള്ള ധൈര്യവും ഉണ്ടായിരുന്നതിനാലാണ് "അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും" എന്ന പ്രശസ്തമായ വാക്കുകൾ അവനിൽനിന്നും വന്നത് (ഇയ്യോ. 13:15). നാശത്തിന്റെ മുൻപിലുള്ള അവന്റെ കൂറ് വിശ്വസ്തതയുടെ കാതലാണ്. യഥാർത്ഥ കാര്യവിചാരകൻ എങ്ങനെയായിരിക്കണം എന്ന് ഇത് ഉദാഹരിക്കുന്നു.

സ്വയം ചോദിക്കുക: എനിക്കുവേണ്ടി മരിച്ച കർത്താവിനോടു ഞാൻ എത്ര മാത്രം വിശ്വസ്തനാണ്? ആ വിശ്വസ്തതയെ കൂടുതൽ നന്നായി എനിക്കെങ്ങനെ വെളിവാക്കാം?

**ചൊവ്വ** **ഫെബ്രുവരി 6**

**നല്ല മനഃസാക്ഷി**

നമുക്ക് സ്വന്തമാക്കുവാൻ കഴിയുന്ന നിരവധി അമൂല്യ വസ്തുക്കളുണ്ട്. ആരോഗ്യം, സ്നേഹം, കൂട്ടുകാർ, നല്ല കുടുംബം ഇവയെല്ലാം അനുഗ്രഹങ്ങളാണ്. എന്നാൽ ഒരു പക്ഷെ ഇവയെക്കാളും എല്ലാം പ്രധാനമായതാണ് നല്ല മനഃസാക്ഷി.

**വായിക്കുക:** എബ്രാ.10:19-22;1 പത്രൊ. 4: 1-2. ദുർമനഃസാക്ഷി എന്നാൽ എന്ത്? മനഃസാക്ഷിയിൽ ചുടുവയ്ക്കുക എന്നാലെന്ത്?

ബാഹ്യ ജീവിതത്തിൽ ആന്തരീക ഉപദേശകനായാണ് മനസാക്ഷി പ്രവർത്തിക്കുന്നത്. ദൈവകല്പന എന്ന വലുതും തികവുള്ളതുമായ നിലവാരത്തോടു ചേർന്നു കിടക്കേണ്ട ഒന്നാണു മനഃസാക്ഷി. തന്റെ കല്പനയെ ദൈവം ആദാമിന്റെ ഹൃദയത്തിൽ എഴുതിയിരിന്നു എങ്കിലും പാപം അതിനെ മിക്കവാറും നശിപ്പിച്ചു. അവന്റെ മാത്രമല്ല അവന്റെ അനന്തര തലമുറയുടെയും മനഃസാക്ഷി ദുഷിക്കപ്പെട്ടു. കല്പനയുടെ അംശങ്ങൾ മാത്രമേ ശേഷിച്ചുള്ളൂ. "അവരുടെ മനസ്സാക്ഷികൂടെ സാക്ഷ്യം പറഞ്ഞും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തുംകൊണ്ട് അവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തി തങ്ങളുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു" (റോമ. 2:15). ആദം പരാജയപ്പെട്ടിടത്തു യേശു വിജയിച്ചിരിക്കുന്നു. കാരണം, "നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു" (സങ്കീ. 40:8).

ദുർമനഃസാക്ഷിക്കുള്ള ഏക പരിഹാരം എന്താണെന്നാണ് പൗലൊസ് പറയുന്നത്? എബ്രാ. 9:14 കാണുക.

"ചിലന്തിവല പിടിച്ചിരിക്കുന്ന മനഃസാക്ഷിയുടെ ഉള്ളറയിലേക്കു കയറേണ്ടതുണ്ട്. ഭൂമിയിലേക്ക് തുറന്നു കിടക്കുന്ന ആത്മാവിന്റെ ജനാലകളെ അടയ്ക്കുകയും നീതിസൂര്യന്റെ കിരണങ്ങൾക്കു കടക്കുവാനായി സ്വർഗ്ഗത്തിന്റെ ദിശയിലേക്കു വിശാലമായി തുറന്നിടുകയും വേണം. നന്മ തിന്മകളെ തിരിച്ചറിയുവാനായി മനസ്സ് വൃത്തിയും വിശുദ്ധവുമായി സൂക്ഷിക്കണം" EGW, Mind Character Personality, P. 327- 328.

ദൈവകല്പനകൾ വിശ്വാസിയുടെ ഹൃദയത്തിൽ ആലേഖനം ചെയ്യപ്പെടുകയും വിശ്വാസി, വിശ്വാസത്തോടെ കല്പനകളെ അനുസരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുമ്പോഴാണ് ശുദ്ധ മനഃസാക്ഷി രൂപപ്പെടുന്നത്.

എന്തെങ്കിലും കുറ്റബോധത്താൽ വേട്ടയാടപ്പെട്ടിട്ടുള്ള വ്യക്തിയാണു താങ്കൾ എങ്കിൽ, അതെത്ര ഘോരമാണെന്നും ഒരിക്കലും മനഃശ്ശാന്തി തരാതെ തുടർന്നു കൊണ്ടിരിക്കുന്നതാണെന്നും നിങ്ങൾക്കറിയാം. യേശുവിനെയും നിങ്ങളുടെ പാപങ്ങൾക്കായുള്ള അവന്റെ ക്രൂശുമരണത്തെയും കുറിച്ചു ചിന്തിക്കുന്നതു കുറ്റബോധത്തിന്റെ ശാപത്തിൽ നിന്നും മോചിതനാകുവാൻ എങ്ങനെ സഹായിക്കും?

**അനുസരണം**

ദൈവം കല്പിച്ചതുപോലെ യാഗപീഠത്തിനു മുൻപിൽ ആടിനെ പിടിച്ചുകൊണ്ട് ഹാബേൽ മുട്ടുകുത്തി. എന്നാൽ, കയീൻ നിലത്തെ അനുഭവത്തിൽ നിന്നുള്ള വസ്തുക്കളുമായി ക്രുദ്ധനായി യാഗപീഠത്തിനു മുൻപിൽ മുട്ടുകുത്തി. രണ്ടുപേരും യാഗവസ്തുക്കളുമായാണ് എത്തിയത് എങ്കിലും ഒരാൾ മാത്രമേ ദൈവ കല്പന യ്ക്കു അനുസരണമായി പ്രവർത്തിച്ചുള്ളൂ. അയയ്ക്കപ്പെട്ട കുഞ്ഞാട് സ്വീകരിക്കപ്പെട്ടു. നിലത്തെ അനുഭവം തിരസ്കരിക്കപ്പെടുകയും ചെയ്തു. രണ്ടു സഹോദരങ്ങളും വഴിപാടുകളുടെയും യാഗങ്ങളുടെയും അർത്ഥവും അവയെക്കുറിക്കുന്ന നിർദ്ദേശ ങ്ങളും അറിഞ്ഞിരുന്നു. എങ്കിലും ദൈവം പറഞ്ഞത് ഒരാൾ മാത്രമേ അനുസരിച്ചുള്ളൂ (ഉല്പ. 4:1-5). "കയീന്റെ അനുസരണക്കേടിന്റെ ഫലമായാണ്. ഹാബേൽ മരണപ്പെട്ടത്. യേശുവിന്റെ രക്തത്താൽ രക്ഷ പ്രാപിക്കാം എന്ന ദൈവീക പദ്ധതി അനുസരിക്കു വാൻ അവൻ വിസമ്മതിച്ചു. സകല ലോകത്തിനുംവേണ്ടി ചൊരിഞ്ഞ യേശുവിന്റെ രക്തത്തെ പ്രതിനിധാനം ചെയ്യുന്ന രക്തം ചിന്തുവാൻ കയീൻ വിസമ്മതിച്ചു". SDA BC Vol. 6 P. 1109.

അനുസരണം ആരംഭിക്കുന്നത് ഹൃദയത്തിലാണ്. ഉന്നത അധികാര കേന്ദ്രത്തിൽ നിന്നുള്ള കല്പനകളെ നടപ്പാക്കുന്നതിനായി മാനസികമായി തയ്യാ റെടുക്കുന്ന മൃദുലമായ നടപടിക്രമത്തിന്റെ ഭാഗമാണത്. അധികാരിയുമായുള്ള ബന്ധത്തിൽ നിന്നും ആ വ്യക്തിയെ അനുസരിക്കുവാനുള്ള സന്നദ്ധതയിൽ നിന്നുമാണ് അനുസരണം ഉത്ഭവിക്കുന്നത്. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ, അനുസരണം എന്നതു തികച്ചും സ്വമേധയാലുള്ളതും സ്നേഹത്തിന്റെ പ്രകടനവു മാണ്. ഈ പ്രവൃത്തി നമ്മുടെ സ്വഭാവത്തെ ധാർമ്മിക കടമകളുമായി വിളക്കി ചേർക്കുന്നു. അനുസരണം, ദൈവം പറയുന്നതുപോലെ നിശ്ചിതമായിരിക്കണം. നമ്മുടെ ആഗ്രഹവും ചിന്തയും മാത്രമായിരിക്കരുത്. ദൈവം ആവശ്യപ്പെട്ടതിനു വിരുദ്ധമായി സ്വന്തം ഇഷ്ടം ചെയ്യുന്നതിന്റെ ഉത്തമ ഉദാഹരണമാണ് കയീന്റെ പ്രവൃത്തി.

**വായിക്കുക:** 1 യോഹ. 5:2-3; റോമ. 1:5; 10:16-17. ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽ രക്ഷ പ്രാപിച്ച ക്രിസ്ത്യാനിയെ സംബന്ധിച്ചിട ത്തോളം അനുസരണം എന്ത് അർത്ഥമാക്കുന്നു എന്നാണ് ഈ വാക്യങ്ങൾ പഠിപ്പി ക്കുന്നത്?

രക്ഷ പ്രാപിക്കാനല്ല നാം അനുസരിക്കുന്നത്, രക്ഷ പ്രാപിച്ചതുകൊണ്ടാണ്. വിശ്വാസത്തിന്റെ ക്രിയാത്മകമായ വിളംബരമാണ് അനുസരണം. ശമൂവേൽ ശൗലി നോട്. "യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്കു പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്" (1 ശമു. 15:22).

അനുസരിക്കുന്നതു യാഗത്തെക്കാൾ നല്ലത് എന്ന ശമൂവേലിന്റെ വാക്കുകളുടെ അർത്ഥം എന്താണ്? കൃപയുടെ വ്യാജ സുവിശേഷത്തിൽ വീഴാതെയിരിക്കാൻ ക്രിസ്ത്യാനികളായ നമ്മെ ഇത് എങ്ങനെ സഹായിക്കുന്നു?

**വ്യാഴം** **ഫെബ്രുവരി 8**

**വിശ്വാസയോഗ്യമായ**

**വായിക്കുക:** ലൂക്കൊ. 16:10-12 വിശ്വാസയോഗ്യരായിരിക്കുന്നതിനെക്കുറിച്ചു ഇത് നമ്മെ എന്ത് പഠിപ്പിക്കുന്നു? ഈ ഗുണവിശേഷം വിശ്വസ്തനായ കാര്യവിചാരകന് എന്തുകൊണ്ട് പ്രാധാന്യമുള്ളതാണ്?

വേദപുസ്തകത്തിലൂടനീളം വിശ്വാസയോഗ്യതയുടെ തത്വം നാം ദർശിക്കുന്നു. ഉദാഹരണത്തിന്, വാതിൽ കാവൽക്കാരിൽ പ്രധാനികളായ നാല് ലേവ്യരെ പഴയ നിയമ കൂടാര നിവാസത്തിനു കാവൽ നിർത്തിയ കഥ വായിക്കുക. നിറയെ നിക്ഷേപങ്ങളുണ്ടായിരുന്ന അറകൾക്കും ഭണ്ഡാരത്തിനുമാണ് അവർ സംരക്ഷണം നൽകേണ്ടിയിരുന്നത്. എല്ലാ രാവിലെയും വാതിൽ തുറക്കുന്ന മുറയും അവർക്കുണ്ടായിരുന്നതിനാൽ താക്കോലും അവർ തന്നെ സൂക്ഷിച്ചു (1 ദിന. 9:26-27). വിശ്വാസ യോഗ്യർ എന്നു കരുതിയതിനാലാണ് ഈ ദൗത്യം അവരെ ഏല്പിച്ചത്.

നല്ല ഒരു ഗൃഹവിചാരകന്റെ സ്വഭാവഗുണമാണ് വിശ്വാസ യോഗ്യത. വിശ്വാസയോഗ്യരായ ഗൃഹവിചാരകൻ തങ്ങളുടെ ജോലിയുടെ പ്രാധാന്യത്തെ മനസ്സിലാക്കുന്നു. ദൈവം വിശ്വാസയോഗ്യനാണെന്ന് അവർക്കറിയാം. അങ്ങനെ ആയിത്തീരുകയാണ് അവരുടെ ലക്ഷ്യം (ആവ. 32:4; 1 രാജാ. 8:56).

വിശ്വാസ യോഗ്യത പക്വമായ ഒരു കൂട്ടം സ്വഭാവ ഗുണങ്ങളെ സൂചിപ്പിക്കുന്നു. നിരീക്ഷകരുടെ കണ്ണിൽ ഒരു വ്യക്തിക്ക് നേടുവാൻ കഴിയുന്ന ഏറ്റവും ഉന്നതമായ സ്വഭാവവും കാര്യക്ഷമതയുമാണത്. ദൈവസ്വഭാവത്തെ പ്രതിഫലിപ്പിക്കുക എന്നാൽ സാഹചര്യങ്ങളുടെയോ മനുഷ്യരുടെയോ സമ്മർദ്ദങ്ങൾക്കു കീഴ്പ്പെടാതെ പറയുന്ന വാക്കു പാലിക്കുക എന്നാണർത്ഥം (2 രാജാ. 12:15). രണ്ടു രാജ്യങ്ങളിലെ ചക്രവർത്തിമാരാൽ വിശ്വാസയോഗ്യൻ ആയി പരിഗണിക്കപ്പെട്ട വ്യക്തിയായിരുന്നു ദാനീയേൽ. ജീവിതത്തിലുടനീളം രാജാക്കന്മാരുടെ മുൻപിൽ സധൈര്യം വിവേകവും സത്യവും പകർന്നു കൊടുത്ത വിശ്വസ്തനായ ഉപദേശകൻ എന്ന നിലയിലുള്ള അവന്റെ പ്രസക്തി കൊട്ടാര വിദൂഷകന്മാരിൽനിന്നും വ്യത്യസ്തമായിരുന്നു. വിശ്വസ്തത നീതിശാസ്ത്രത്തിന്റെ മകുടമാണ്. താങ്കളുടെ സാന്മാർഗ്ഗിക മൂല്യങ്ങളെ അത് ഏറ്റവും വിശുദ്ധമായ രീതിയിൽ പ്രദർശിപ്പിക്കുന്നു. ഈ സവിശേഷത ഒരു രാത്രികൊണ്ട് ഉണ്ടാകുന്നതല്ല. കാലാകാലങ്ങളായി ചെറിയ കാര്യങ്ങളിൽ വിശ്വസ്തത പാലിക്കുന്നതിലൂടെ രൂപപ്പെടുന്നതാണ്.

മറ്റുള്ളവർ നമ്മുടെ വിശ്വാസയോഗ്യതയെ ശ്രദ്ധിക്കുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്കും ആശയഭ്രാന്തിനും പുകഴ്ത്തലിനും എളുപ്പത്തിൽ വശീകരിക്കപ്പെടാത്തവർ എന്നതിനാൽ മറ്റുള്ളവർ ബഹുമാനിക്കുകയും നമ്മിൽ ആശ്രയിക്കുകയും ചെയ്യും. ഇവിടെ വച്ചാണ് നാം സ്വർഗ്ഗത്തിലേക്കുള്ള ഒരുക്കം നടത്തുന്നത്.

നിറവേറ്റുന്ന ഓരോ ഉത്തരവാദിത്വത്തിലും വിശ്വസ്തത പാലിക്കുന്നതിലൂടെ നമ്മുടെ സ്വഭാവം പ്രദർശനവിധേയമാകുന്നു. “ദൈവരാജ്യത്തിന്റെ വിശ്വസ്തരും സത്യമുള്ള വരുമായ പ്രജകളായിരിക്കണം നാം”. EGW, Testimonies, Vol. 6 P. 190.

വിശ്വസിക്കുവാൻ കൊള്ളാവുന്നവരായി നിങ്ങൾക്കു വ്യക്തിപരമായി അറിയാവുന്ന ആരെയെങ്കിലും കുറിച്ച് ചിന്തിക്കുക. ആ വ്യക്തിയിൽനിന്നു നിങ്ങൾക്ക് എന്ത് പഠിക്കുവാനുണ്ട്? വ്യക്തിപരമായ വിശ്വസ്തത പാലിക്കാൻ അത് നിങ്ങളെ എങ്ങനെ സഹായിക്കുന്നു?

**വെള്ളി** **ഫെബ്രുവരി 9**

**കൂടുതൽ ചിന്തയ്ക്ക്:** നല്ലൊരു ഗൃഹവിചാരകന്റെ മറ്റൊരു അടയാളമാണ് വ്യക്തിപരമായ ഉത്തരവാദിത്വം.

“വ്യക്തിപരമായ ഉത്തരവാദിത്വത്തെ നശിപ്പിക്കുകയും യേശുവിൽ നിന്ന് മനുഷ്യനിലേക്കു മനസ്സുകളെ മാറ്റുകയും ചെയ്യുക എന്നത് എക്കാലത്തും സാത്താന്റെ ഉപായം ആയിരുന്നു. ദൈവപുത്രനെ പരീക്ഷിക്കുന്നതിൽ സാത്താൻ പരാജയപ്പെട്ടു എങ്കിലും പാപിയായ മനുഷ്യരിൽ അവന്റെ തന്ത്രം കൂടുതൽ വിജയിച്ചു. ക്രിസ്ത്യാനിത്വം അങ്ങനെ ഏറ്റവും ദുഷിച്ചു” EGW,EW P. 213.

നമ്മുടെ ജീവിതത്തിൽ ക്രിസ്തു ഉള്ളതിനാൽ നാം അവന്റെ നടത്തിപ്പിനു സന്നദ്ധമാണ്. തൽഫലമായി വിശ്വാസം, കൂറ്, അനുസരണം, ശുദ്ധ മനഃസാക്ഷി, വിശ്വാസ്യത, വ്യക്തിഗത ചുമതല, എന്നിവ നമ്മുടെ ജീവിതത്തിൽ വെളിപ്പെടുന്നു. അങ്ങനെ ഗൃഹവിചാരകരായ നാം പൂർണ്ണതയുള്ളവരായിത്തീരും (സങ്കീ. 139:23–24). വ്യക്തിപരമായ ചുമതലാബോധം എന്നത് ഒരു ബൈബിൾ തത്വമാണ്. ഭൂമിലായിരുന്നപ്പോൾ യേശു തന്റെ പിതാവിനോട് വ്യക്തിപരമായി കണക്കു ബോധിപ്പിച്ചിരുന്നു (യോഹ. 8:28). “എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും” (മത്താ. 12:36). “അറിയാതെ കണ്ട് അടിക്കു യോഗ്യമായതു ചെയ്തവനോ കുറച്ചുമാത്രം അടി കൊള്ളും; വളരെ ലഭിച്ചവനോടു വളരെ ആവശ്യപ്പെടും; അധികം ഏറ്റുവാങ്ങിയവനോടു അധികം ചോദിക്കും” (ലൂക്കൊ. 12:48). വ്യക്തിഗത കണക്കു ബോധിപ്പിക്കലിന്റെ ഏറ്റവും വലിയ ഭീഷണി സ്വന്തം ഉത്തരവാദിത്വങ്ങളെ മറ്റുള്ളവരുടെ തലയിലേക്ക് മാറ്റുവാനുള്ള പ്രവണതയാണ്. “നമ്മുടെ വസ്തുക്കളല്ല നിക്ഷേപത്തിനായി നമ്മെ ഏല്പിച്ചിരിക്കുന്നത് എന്ന് ഓർക്കുക. അങ്ങനെ ആയിരുന്നുവെങ്കിൽ നമുക്ക് വിവേചന അധികാരം അവകാശപ്പെടാമായിരുന്നു. നമ്മുടെ കടമകളെ ഒരു പക്ഷേ നമുക്ക് മറ്റുള്ളവരിലേക്ക് മാറ്റാമായിരുന്നു. നമ്മുടെ കാര്യവിചാരകത്വവും അവരെ ഏല്പിക്കാമായിരുന്നു. പക്ഷെ കർത്താവ് നമ്മെ കാര്യവിചാരകത്വം വ്യക്തിപരമായി ഏല്പിച്ചിരിക്കയാൽ അതിനു കഴിയുകയില്ല. നാം വ്യക്തിപരമായി തന്നെ കണക്കു ബോധിപ്പിക്കേണ്ടിവരും” EGW, Testimonies, Vol. 7 P. 177.

**ചർച്ച ചെയ്യുക:**

1. ഈയാഴ്ച പഠിച്ച കാര്യവിചാരകന്റെ വിവിധ അടായങ്ങളെക്കുറിച്ച് ചിന്തിക്കുക. വ്യക്തിഗത ഉത്തരവാദിത്വം വിശ്വാസ്യത, അനുസരണം, കൂറ്, ശുദ്ധ മനഃസാക്ഷി, സത്യസന്ധത എന്നിവ തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? ഒരു മേഖലയിലെ ആലസ്യം മറ്റു മേഖലയിലെ തകർച്ചയ്ക്കും കാരണമാകുമോ? ഒരു മേഖലയിലെ ഉറപ്പു മറ്റൊരു മേഖലയുടെ ഉറപ്പിലേക്കു നയിക്കുമോ?

2. കുറ്റബോധത്താൽ കഷ്ടപ്പെടുന്നവരെ സുവിശേഷ വാഗ്ദത്തങ്ങൾ എങ്ങനെ സഹായിക്കും? അങ്ങനെയുള്ളവർക്ക് അവകാശപ്പെടാവുന്ന വാഗ്ദത്തങ്ങൾ എന്തെല്ലാം?

3. വിശ്വാസ്യത/കൂറ് എന്ന ആശയത്തെ വളരെ നല്ല കാര്യമായിട്ടാണു നാം പലപ്പോഴും കാണാറുള്ളത്. എല്ലായ്പോഴും അത് അങ്ങനെയാണോ? ശരിയല്ലാത്ത ആളിനോടോ വസ്തുവിനോടോ വിശ്വാസ്യത പുലർത്താൻ എപ്രകാരം കഴിയും? വിശ്വാസ്യതയെ മനസ്സിലാക്കേണ്ടത് സന്ദർഭത്തിനനുസരിച്ചായിരിക്കണം എന്നത് എന്തുകൊണ്ട്?